# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 154 07.08.2017 ൽ മറുപടിയ്ക്ക്

## ക്രമസമാധാനനില ഭദ്രമാക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീ.വി. കെ. സി. മമ്മത് കോയ<br>ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ.പി. ഉണ്ണി | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ ക്രമസമാധാനനില ഭദ്രമാക്കുന്നതിനായി ഈ സർക്കാർ നടത്തിയ ഇടപെടലുകൾ വിശദമാക്കാമോ; | (എ) സംസ്ഥാന പോലീസ് സേനയെ കാര്യക്ഷമവും ജനസൗഹൃദമാക്കുന്നതിനും ഉതകും വിധം ക്രമസമാധാനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്. ജനമൈത്രി പോലീസ് സംവിധാനം എല്ലാ പോലീസ് സ്റ്റേഷനുകളിലും വ്യാപിപ്പിച്ചു. കേസന്വേഷണം ശാസ്ത്രീയമാക്കുന്നതിനും മൂന്നാം മുറ ഒഴിവാക്കുന്നതിനും അഴിമതി തടയുന്നതിനുമുള്ള ശക്തമായ നടപടിയെടുത്തു. പോലീസ് സേനയുടെ റേഞ്ച് അടിസ്ഥാനത്തിലുള്ള യോഗങ്ങളിൽ മുഖ്യമന്ത്രി നേരിട്ട് പങ്കെടുത്ത് കൂടുതൽ ഉദ്യോഗസ്ഥർക്ക് അവരുടെ ആത്മവിശ്വാസം ഉയർത്തും വിധമുള്ള നിർദ്ദേശങ്ങൾ നൽകി. ഗുണ്ടകളേയും ക്രിമിനലുകളേയും അറസ്റ്റ് ചെയ്യുന്നതിന് പ്രത്യേക സ്ക്വാഡുകൾ എല്ലാ ജില്ലകളിലും രൂപീകരിച്ചു. ഗുണ്ടകൾക്കും സാമൂഹ്യവിരുദ്ധർക്കും ഗുരുതര കുറ്റകൃത്യങ്ങൾ ചെയ്യുവർക്കുമെതിരെയുള്ള നടപടികളുടെ ഭാഗമായി സംസ്ഥാന വ്യാപകമായി ജില്ലാ പോലീസ് മേധാവിമാരുടെ നേതൃത്വത്തിൽ സ്പെഷ്യൽ ഡ്രൈവ് നടത്തി. പോലീസിന്റെ വിവിധ വിഭാഗങ്ങളെ ഏകോപിപ്പിച്ചും ശാസ്ത്ര സാങ്കേതിക ഉപാധികളുടെ സഹായത്തോടെ നിലവിലെ പോലീസ് സംവിധാനം ആധുനികവൽക്കരിച്ചും പ്രോസിക്യൂഷൻ നടപടികൾക്ക് ശാസ്ത്രീയ അടിത്തറ നൽകിയും പോലീസ് |

സംവിധാനം കൂടുതൽ ശക്തിപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചു. സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തര സഹായം ലഭ്യമാക്കുന്നതിനായി വനിതാസെൽ, വനിതാ ഹെൽപ്പ് ലൈൻ, പിങ്ക് ബീറ്റ്, പിങ്ക് പട്രോൾ, സെൽഫ് ഡിഫൻസ് ട്രെയിനിംഗ് പ്രോഗ്രാം എന്നിവ നടത്തി വരുന്നു. അതോടൊപ്പം സൈബർ ക്രൈമുകളുടെ അന്വേഷണത്തിന് പ്രത്യേകവിഭാഗം രൂപീകരിക്കുന്നതിനുള്ള നടപടി കൈക്കൊണ്ടു.

(ബി) സാമൂഹ്യവിരുദ്ധരെയും ഗുണ്ടകളെയും അമർച്ച ചെയ്ത് സ്വൈര ജീവിതം ഉറപ്പാക്കുന്നതിന് കൈക്കൊണ്ട നടപടികൾ അറിയിക്കാമോ; സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പ്രവർത്തിക്കുന്ന ഗുണ്ടാവിരുദ്ധ സ്ക്വാഡുകളുടെ പ്രവർത്തനം ഫലപ്രദമായി നടക്കുന്നുണ്ടോ;

(ബി) സാമൂഹ്യവിരുദ്ധരെയും, ഗുണ്ടകളെയും അമർച്ച ചെയ്ത് പൊതുജനങ്ങളുടെ സ്വൈരജീവിതം ഉറപ്പാക്കുന്നതിനായി ആന്റി ഗുണ്ടാ സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിച്ചും, സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമം (KAAPA Act) പ്രകാരം ശക്തമായ നടപടികൾ സ്വീകരിച്ചും, രഹസ്യാന്വേഷണ വിഭാഗത്തെകൊണ്ടും, ഗുണ്ടാ സ്ക്വാഡിനെ-കൊണ്ടും വിശ്വസ്തരായ ആളുകളിൽ നിന്നും ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ പറ്റിയുള്ള വിവരങ്ങൾ ശേഖരിച്ചും നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പാക്കാനായി കൈക്കൊണ്ടിട്ടുള്ള മാർഗങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

(സി) സംസ്ഥാനത്ത് സ്ത്രീകളുടെ സുരക്ഷയ്ക്കായി വനിതാ സെല്ലുകളും, 24 മണിക്കൂറും പ്രവർത്തിച്ചു വരുന്ന വനിതാ ഹെൽപ്പ് ലൈനുകളും നിലവിലുണ്ട്. പൊതുസ്ഥല-ങ്ങളിൽ, സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷ ഉറപ്പാക്കുക, പൂവാലശല്യം ഒഴിവാക്കുക, സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ അടിയന്തര സഹായം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി പിങ്ക് ബീറ്റ്, പിങ്ക് പട്രോൾ എന്നിവ നടപ്പിലാക്കി വരുന്നു. കൂടാതെ "Women Self Defence Training Programme" എന്ന പദ്ധതിയും നടത്തിവരുന്നുണ്ട്. ഈ പരിശീലന പരിപാടിയിൽ സ്കൂൾ/കോളേജ് വിദ്യാർത്ഥികൾ, വീട്ടമ്മമാർ, പലവിധ ഓഫീസിൽ നിന്നുള്ള സ്ത്രീകൾ, കുടുംബശ്രീ യൂണിറ്റ് മെമ്പർമാർ എന്നിവർക്ക് പരിശീലനം നൽകിവരുന്നു. കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷനുകൾ,

സ്കൂൾ, കോളേജ് എന്നീ തലങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ നടത്തിവരുകയും ചെയ്യുന്നുണ്ട്.

"സുരക്ഷിതമായ ട്രെയിൻ യാത്ര സ്ത്രീകളുടെ അവകാശമാണ്. നിങ്ങളെ സംരക്ഷിക്കാൻ റെയിൽവേ പോലീസ് കൂടെയുണ്ട്" എന്ന ഒരു സന്ദേശവുമായി റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സിന്റെ സഹകരണത്തോടുകൂടി, യാത്രക്കാരുമായി കൂടിക്കാഴ്ച നടത്തി അവരുടെ അഭിപ്രായം സ്വരൂപിച്ച് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അക്രമങ്ങൾ മുൻകൂട്ടി തടഞ്ഞും സിറ്റിസൺ ഹെൽപ്പ് ഡെസ്ക് മുഖാന്തിരം സ്ത്രീകളുടേയും കുട്ടികളുടേയും പരാതികൾക്ക് പ്രത്യേക പരിഗണന നൽകിയും, കൂടാതെ റെയിൽവേ സ്റ്റേഷൻ പ്ലാറ്റ് ഫോമുകളിൽ പ്രവർത്തിക്കുന്ന Child Help Line-ന്റെ സഹകരണത്തോടെ നിരീക്ഷണവും അന്വേഷണവും നടത്തി വരുന്നു. ട്രയിനുകളിലും പ്ലാറ്റ് ഫോമുകളിലും മാതാപിതാക്കളെ നഷ്ടപ്പെട്ടും, കൂടാതെ മറ്റു വിധേന നാടുവിട്ടുവരുന്ന കുട്ടികളേയും മറ്റ് അനാഥരായ സ്ത്രീകളേയും കുട്ടികളേയും കണ്ടെത്തി മാതാപിതാക്കളേയും രക്ഷകർത്താക്കളെയും, ഏൽപ്പിക്കുകയും, ചൈൽഡ് ലൈൻ മുഖാന്തിരം ജുവനൈൽ ഹോമുകളിലും, അഗതി മന്ദിരങ്ങളിലും മറ്റു സുരക്ഷാ സ്ഥാപനങ്ങളിലും എത്തിക്കുകയും ചെയ്തു വരുന്നു.

(signature)

സെക്ഷൻ ഓഫീസർ.